## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6388 21.11.2019 ൽ മറുപടിക്ക്**

## കെ.എൻ.ജി റോഡിൽ നാട്ടുകാണി ചുരത്തിലെ ഗതാഗത തടസ്സം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.വി. അൻവർ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും കെ.എൻ.ജി റോഡിലെ (കോഴിക്കോട്- നിലമ്പൂർ -ഗൂഡല്ലൂർ) നാട്ടുകാണി ചുരത്തിൽ എത്ര ദിവസമാണ് ഗതാഗത തടസ്സം ഉണ്ടായത്; വ്യക്തമാക്കാമോ: | (എ) | ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലം കെ.എൻ.ജി റോഡിലെ തേൻപാറ, തകരപ്പാടി എന്നീ സ്ഥലങ്ങളിൽ ആഗസ്റ്റ് 9 മുതൽ സെപ്റ്റംബർ 14 വരെ 37 ദിവസവും ജാറത്തിന് സമീപം റോഡ് പിളരുകയും താഴ്ന്ന് പോവുകയും ചെയ്തത് കാരണം സെപ്റ്റംബർ 19 മുതൽ ഒക്ടോബർ 2 വരെ 14 ദിവസവും ഗതാഗത തടസ്സമുണ്ടായി. |
| (ബി) | എല്ലാ മഴക്കാലത്തും ചുരത്തിൽ മണ്ണിടിച്ചിലും മറ്റും കാരണം ഗതാഗത തടസ്സം ഉണ്ടാവാറുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്, ആയത് അടിയന്തിരമായി നീക്കം ചെയ്യാറുമുണ്ട്. |
| (സി) | അന്തർ സംസ്ഥാന പാതയായ കെ.എൻ.ജി റോഡിൽ ഗതാഗത തടസ്സം ഉണ്ടായാൽ ബദൽ റോഡായി മുണ്ടേരി-അപ്പൻകാപ്പ്-പന്തല്ലൂർ പാത ഉപയോഗിക്കുവാനാകുമോയെന്ന് പരിശോധിക്കുമോ; | (സി) & (ഡി) & (ഇ) | പരിശോധിക്കുന്നതാണ്. |
| (ഡി) | കേവലം ഒന്നര കിലോമീറ്റർ ദൂരം മാത്രം വനഭൂമിയുള്ള ഈ റോഡിന്റെ സാധ്യതാ പഠനത്തിനായി തമിഴ്നാട് സർക്കാരുമായി ആശയ വിനിമയം നടത്തുന്നതിന് സർക്കാർ മുൻകൈ എടുക്കുമോ; വിശദമാക്കാമോ; | | |
| (ഇ) | ഇതിനാവശ്യമായ നടപടികൾ ആരംഭിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | | |

Hemalatha

**സെക്ഷൻ ഓഫീസർ**